LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി

7(696) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ നിയമം (കെ. ഇ. ആർ.) ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ സമിതി അംഗങ്ങൾ ആരൊക്കെ ;

(സി) കെ.ഇ.ആർ. പരിഷ്കരണം സംബന്ധിച്ച് നേരത്തെ ശിപാർശ നൽകിയ സി.പി.നായർ, വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ച ലിഡാ ജേക്കബ് എന്നിവർ പരിഷ്കരണ സമിതിയിൽ അംഗങ്ങളല്ലേ ;

(ഡി) അല്ലെങ്കിൽ അവർ സമർപ്പിച്ച റിപ്പോർട്ടുകൾ സമിതി പരിശോധിക്കുമോ ; അടുത്ത അദ്ധ്യയന വർഷം നിയമം സംസ്ഥാനത്ത് നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുമ്പോൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തേണ്ടി വരും.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കാൻ നിയോഗിച്ച ശ്രീ. സി. പി. നായർ കമ്മിറ്റി റിപ്പോർട്ടും കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് ശിപാർശ നൽകാൻ നിയോഗിച്ച ശ്രീമതി ലിഡാജേക്കബ് കമ്മീഷൻ റിപ്പോർട്ടും പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ ശിപാർശ ചെയ്യാനായി പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വസന്ത കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ ശ്രീ. എൻ. ത്യാഗരാജൻ, ശ്രീ. ജോൺ ബ്രിട്ടാ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. ജെ. ശശി, ശ്രീ. എൻ. ശ്രീകുമാർ, ശ്രീ. സി. ഉസ്മാൻ എന്നിവരാണ്.

(സി) അല്ല.

(ഡി) പ്രസ്തുത റിപ്പോർട്ടുകളിൽമേൽ ഈ സമിതി നൽകുന്ന ശിപാർശകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.